
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All-New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ,നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം.

Vol. 10 November 1996 No. 8


## എഡിറ്റോറിയൽ

അടുത്ത സമയത്ത് പത്രത്തിൽ കണ്ടതായ തലക്കെട്ട് എന്നെ അമ്പരപ്പിച്ചു. ഒരു നാമധേയ വിഭാഗത്തിന്റെ മേലദ്ധ്യക്ഷന്റേതായിട്ടുള്ള പ്രസ്താവനയായിട്ടാണ് കൊടുത്തിരുന്നത്. ആത്മീകവും ലൗകികവും തമ്മിൽ വേർപിരിക്കുന്നത് ക്രൈസ്തവമല്ല എന്നതാണ് എഴുതിയിരിക്കുന്നത്. ഇതു സത്യത്തിനു നിരക്കാത്ത ഒരു ഉപദേശമാണ്. യേശുക്രിസ്തു പഠിപ്പിച്ചതായ ഉപദേശങ്ങൾ ലളിതവും ഗ്രാഹ്യബുദ്ധിയുള്ളവർക്ക് മനസ്സിലാകുന്നതുമാണ്. എന്താണ് ആത്മീകം എന്നും എന്താണ് ലൗകികം എന്നും തിരിച്ചറിയാത്ത അനേകർ യേശുക്രിസ്തുവിന്റെ കാലഘട്ടത്തിലും ഇന്നും ഉണ്ട്. യേശുക്രിസ്തുവിന്റെ കാലഘട്ടം എന്നു ഞാനുദ്ദേശിച്ചത് ഈ ഭൂമിയിൽ ക്രിസ്തു ജീവിച്ചിരുന്ന കാലയളവാണ്. ക്രൈസ്തവം എന്നു പറഞ്ഞാൽ ക്രിസ്തുവുമായി ബന്ധപ്പെടുന്നവ എന്നാണല്ലോ. ആത്മീകം എന്നാൽ ആത്മാവിനെ സംബന്ധിച്ച എന്നും ലൗകികം എന്നാൽ ലോകത്തെ സംബന്ധിച്ച എന്നും നമുക്കു വിശദീകരിക്കാം. വേദപുസ്തകം ദൈവശ്വാസീയരായ ആളുകളാൽ എഴുതപ്പെട്ടതും വിശ്വാസയോഗ്യവുമായ വചനങ്ങളാണ്. അതുകൊണ്ട് പരിശോധനക്കായി നമുക്ക് തിരുവെഴുത്തുകൾ ആരായാം.

ദൈവാനുരൂപ സൃഷ്ടികളായ മനുഷ്യർക്കു വസിക്കേണ്ടതിനും ഉപയോഗിക്കേണ്ടതിനും ആണ് ലോകത്തെ

യും അതിലുള്ളതിനേയും ദൈവം ഉണ്ടാക്കിയത്. നമ്മുടെ ശരീരങ്ങൾക്കു രൂപം നല്കിയത് മണ്ണുകൊണ്ടാണ്. അപ്പോൾ ആത്മാവ് വസിക്കുന്ന മനുഷ്യർ നിലനില്ക്കേണ്ടതിനു ഉണ്ടാക്കപ്പെട്ടതാണ് ലോകം എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. ഈ പ്രപഞ്ചത്തെ നിയന്ത്രിക്കുന്നത് സർവ്വശക്തനായ ദൈവം തന്നെയാണ്. ലോകം എന്ന പദം ബൈബിളിൽ ആളുകളെ ഉദ്ദേശിച്ചും പ്രപഞ്ചത്തെ ഉദ്ദേശിച്ചും പ്രതിപാദിച്ചിട്ടുണ്ട്. ഉദാഹരണമായി ദൈവം ലോകത്തെ സ്നേഹിച്ചു എന്നു യോഹന്നാൻെറ സുവിശേഷം 16-ാം വാക്യത്തിൽ നാം വായിക്കുന്നു. ലോകത്തുള്ള ആളുകളുടെ നാശം ഒഴിവാക്കുവാൻ ആഗ്രഹിച്ച് അവരെ സ്നേഹിച്ചു. അതിനാൽ ദൈവം തൻെറ പുത്രനെ ലോകത്തിലേക്ക് അയച്ചു. ദൈവത്തെക്കാളുപരി ലോകത്തുള്ള യാതൊന്നിനേയും നാം കരുതരുത്. ദൈവം ലോകത്തെ സ്നേഹിക്കുന്നു എന്നു പറയുമ്പോൾ ആളുകളെയാണ് സ്നേഹിക്കുന്നത്. പക്ഷെ മനുഷ്യർ നേരെ തിരിച്ചാണ്. ലോകത്തുള്ള വസ്തുക്കളെയാണ് സ്നേഹിക്കുന്നത്. ''ലോകത്തെയും ലോകത്തിലുള്ളതിനേയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിൻെറ സ്നേഹം ഇല്ല'' (1 യോഹന്നാൻ 2:15).

യേശുക്രിസ്തു ലൗകികനായിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ ലോകത്തുള്ള ആളുകൾ അവനെ സ്നേഹിക്കുമായിരുന്നു. എന്നാൽ അവൻ ആത്മീകനായി ജീവിച്ചു. അതുകൊണ്ട് ലോകം അവനെ പകച്ചു. ഇനി യേശുക്രിസ്തുവിൻെറ ശിഷ്യന്മാരെ കുറിച്ച് നോക്കിയാൽ അവർ ലൗകികമായതെല്ലാം ഉപേക്ഷിച്ചു. അതിനാൽ ലോകത്തുള്ള ആളുകൾ അവരെയും വെറുത്തു. ആത്മീകവും ലൗകികവും തമ്മിൽ സംയോജിപ്പിച്ച് നിർത്താനാണ് ഇന്നത്തെ മതവിഭാഗങ്ങൾ ശ്രമിക്കുന്നത്.

★

# കർത്താവ് വീണ്ടും വരുമ്പോൾ സംഭവിക്കാത്ത ചില കാര്യങ്ങൾ

J. C. ചോട്ട്

ക്രിസ്തുവിന്റെ രണ്ടാം വരവിൽ അനേക കാര്യങ്ങൾ സംഭവിക്കും. അവയിൽ പൊതുവായ ഉയിർത്തെഴുന്നേൽപ്പ്, ലോകാവസാനം, ന്യായവിധി, രാജ്യം പിതാവായ ദൈവത്തിനു ഏല്പിച്ചുകൊടുക്കൽ, നീതിമാൻമാരെ സ്വർഗ്ഗത്തിലേക്കു വേർതിരിക്കൽ, ദുഷ്ടൻമാരെ അഗ്നിനരകത്തിലേക്ക് തള്ളിക്കളയൽ എന്നിവ നടക്കും. എന്നു മുന്നറിയിച്ചിട്ടുണ്ട്.

ലോകത്തുള്ള ഭൂരിപക്ഷം പേരും വിശ്വസിക്കുന്ന, പറയുന്ന പല കാര്യങ്ങളും അന്നു സംഭവിക്കുന്നതല്ല എന്നു പ്രത്യേകം ഓർപ്പിച്ചുകൊള്ളട്ടേ. മനുഷ്യരിൽനിന്നും കേട്ടു പഠിച്ച അറിവ് പ്രകാരം ആണ് പലരും ഇന്നും അബദ്ധങ്ങളിൽ വിശ്വസിക്കുന്നത്. ആ കാര്യങ്ങളിൽ ഉള്ള തെററിദ്ധാരണകൾ നീക്കേണ്ടതു ആവശ്യമാണ്. അതുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ മനസിരുത്തി, ശ്രദ്ധിച്ച്, മനസിലാക്കി വിശ്വസിക്കണം എന്നപേക്ഷിക്കുന്നു.

യേശുക്രിസ്തു മടങ്ങി വരുമ്പോൾ യെരുശലേമിൽ വന്നു നീതിമാൻമാരെ ആയിരമാണ്ട് വാഴും എന്ന ഉപദേശം ഭൂരിഭാഗം നാമധേയ വിഭാഗങ്ങളും വിശ്വസിച്ചു വച്ചിരിക്കയാണ്. ആയിരമാണ്ട് വാഴ്ച എന്ന പേരിലാണ് ഇതിനെ അറിയപ്പെടുന്നത്. തിരുവചനത്തിൽ ഒരിടത്തും പഠിപ്പിച്ചിട്ടില്ലാത്ത തെററായ ഉപദേശമാണ് ഇതെന്നതിൽ യാതൊരു സംശയവും വേണ്ട. നമുക്ക് അറിയാം യേശു ഒരിക്കൽ ഈ ലോകത്തിൽവന്നു ജീവിക്കയും യെഹൂദൻമാരാൽ തള്ളിക്കളഞ്ഞു ക്രൂശിൽ തറെച്ചു കൊല്ലുകയും

അടിക്കുകയും ചെയ്തു. എന്നാൽ അവൻ, ഉയിർത്തെഴുന്നേററ് പിതാവിന്റെ വലതുഭാഗത്തേക്കു മടങ്ങിപ്പോയി രാജാധി രാജാവും കർത്താധികർത്താവുമായി വാഴ്ച നടത്തുന്നു. അവൻ മടങ്ങി വരുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും (യോഹന്നാൻ 14:1-3). ഭൂമിയിൽ ഒരിടത്തും കാൽ ചവിട്ടുമെന്ന് പറഞ്ഞിട്ടില്ല. അവൻ വീണ്ടും വരുന്നതു ഭൂമിയിൽ വാഴ്ച്ച നടത്തുന്നതിനു വേണ്ടിയല്ല. അവന്റെ വരവിൽ മരിച്ചവർ ഉയിർത്തെഴുന്നേൽക്കും. പിന്നെ ജീവനോടെ ശേഷിക്കുന്ന ഓരോരുത്തരും അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും (1 തെസ്സലൊനിക്യർ 4:16-17). അതോടൊപ്പം അവന്റെ വരവിൽ ആകാശവും ഭൂമിയും അതിലുള്ളതൊക്കെയും നശിപ്പിക്കപ്പെടും. എല്ലാവരേയും തന്റെ വചനങ്ങളാൽ ന്യായവിധി നടത്തുകയും ചെയ്യും.

ആയിരമാണ്ട് വാഴ്ച്ചയോടൊപ്പം നിലനില്ക്കുന്ന ദുരുപദേശങ്ങളിൽ മറെറാന്നാണ് ഹർഷോൻമാദകാലമെന്ന ഉപദേശം. അവർ വിശ്വസിക്കുന്നതു എന്തെന്നാൽ, ഒരുനാളിൽ മരിച്ച നീതിമാന്മാരും ജീവനുള്ള നീതിമാന്മാരും ഒത്തൊരുമിച്ച് കർത്താവിനോടുകൂടെയുള്ള വാഴ്ച്ചയാണ് സംഭവിക്കുന്നത്. ഇതു വചനവിരുദ്ധമായ വിശ്വാസമാണ്. തിരുവെഴുത്തു നമ്മെ പഠിപ്പിക്കുന്നതെന്തെന്നാൽ കർത്താവിന്റെ വരവിൽ നന്മ ചെയ്തവരും തിന്മ ചെയ്തവരുമായ എല്ലാവരും ഉയിർത്തെഴുന്നേല്ക്കും. പിന്നീട് സംഭവിക്കുന്നതു ന്യായവിധിയാണ് എന്നത്രെ (യോഹന്നാൻ 5:28-29; പ്രവൃത്തി 17;31).

യെഹോവാ സാക്ഷികൾ എന്നറിയപ്പെടുന്ന ഒരു കൂട്ടം ആളുകൾ പ്രചരിപ്പിക്കുന്ന മറെറാരു ദുരുപദേശമാണ് ദുഷ്ടൻമാരായവരും രക്ഷിക്കപ്പെടാത്തവരുമായവർ പിന്നീട് നിലനില്ക്കാത്തവിധം മരിക്കുന്നു എന്നതു.

പിന്നീട് അവർക്ക് യാതൊരു ശേഷിപ്പും ഇല്ലെന്നാണ് അവരുടെ വാദം. പക്ഷെ ബൈബിൾ പഠിപ്പിക്കുന്നതു മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കയാൽ ആത്മാവ് അനന്യമാണ്. നിത്യമായ അവസ്ഥയിലായിരിക്കും ആത്മാവ് എന്നർത്ഥം (ഉല്പത്തി 1:26, മത്തായി 16:26). ദുഷ്ടന്മാരെക്കുറിച്ചും തിരുവെഴുത്തു വ്യക്തമായി വെളിപ്പെടുത്തിയിട്ടുള്ള സത്യം എല്ലാവരും തിരിച്ചറിയണം. നമ്മോടു അരുളിച്ചെയ്തിരിക്കുന്നതു "ദുഷ്ടന്മാർ നിത്യ ദണ്ഡനത്തിലേക്കു തള്ളപ്പെടും എന്നാണ് (2 തെസലൊനിക്യർ 1:7-9). നീതിമാന്മാരെക്കുറിച്ചു ക്രിസ്തു പറഞ്ഞതു, അവർ നിത്യ ജീവങ്കലേക്കു ചേർക്കപ്പെടും എന്നാണ്. ഒന്നു മറ്റൊന്നിനോളം ദൈർഘ്യമുള്ളതാണ് (മത്തായി 25:46). നീതിമാന്മാരുടെ അവസ്ഥ എത്രത്തോളം നീണ്ടുപോകുന്നുവോ അത്രത്തോളം നീണ്ട അവസ്ഥയാണ് ദുഷ്ടന്മാർക്കും ചെലവിടാനുള്ളത്. ദൈവത്തെ അനുസരിക്കാതിരിക്കുന്നവർക്കും സ്വന്ത ചിന്താഗതിയിൽ അഭയം തേടുന്നവർക്കും അവസാനം ശിക്ഷ ഒഴിവാകുന്നതല്ല. നരകമില്ല എന്നു പറയുന്നവരും, ഭാവി ശിക്ഷ എന്നൊന്നില്ലാ എന്നു പഠിപ്പിക്കുന്നവരും പാപത്തെ പ്രോൽസാഹിപ്പിക്കുന്നവരാണ്; ദുഷ്ടതയെ വളർത്തുന്നവരാണ്.

ദൈവം ആഗ്രഹിക്കുന്നതു പാപത്തെ ഇല്ലായ്മ ചെയ്യുവാനാണ്. തെററു ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുന്നില്ലെങ്കിൽ ദൈവം നീതിമാനാകയില്ല. അതുകൊണ്ട് അത്തരം ഉപദേശം ദൈവത്തിൽ നിന്നല്ല. അതു പിശാചിൽ നിന്നാണ്. ഇന്നു ഈ ദുരുപദേശം വാസ്തവമാണെന്നു വിശ്വസിച്ചിരിക്കുന്നവർ തങ്ങളുടെ മരണശേഷം യാതനാസ്ഥലത്തേക്കു പോകുമ്പോൾ അവർ ഞെട്ടിപ്പോകും. കാരണം അപ്രതീക്ഷിതമാവും അവർക്ക് അതു. പിന്നീട് അതു ഒഴിവാക്കാനും സാദ്ധ്യമല്ല(ലൂക്കൊസ് 15-ാം അദ്ധ്യായം)

ക്രിസ്തു വീണ്ടും വരുമ്പോൾ ദുഷ്ടന്മാർക്കു രണ്ടാമതു ഒരു അവസരം കിട്ടുകയില്ല. രക്ഷിക്കപ്പെടാത്തവർക്കു

അന്നു അവരുടെ സാഹചര്യം ഒരു വീണ്ടുവിചാരത്തിനും മാററത്തിനുമായി കർത്താവ് അനുവദിക്കുമെങ്കിൽ ആരാണ് തള്ളിക്കളയുക? എല്ലാവരും അതു ശരിയായി ഉപയോഗപ്പെടുത്തും. എന്നാൽ കർത്താവ് അങ്ങനെ ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടില്ല. അന്നു ഹൃദയ നിരൂപണങ്ങൾക്കും മനോനിരൂപണങ്ങൾക്കും വ്യത്യാസം വരുത്തുവാൻ അനുവാദം കൊടുക്കും എന്നും പറഞ്ഞിട്ടില്ല. തിരുവെഴുത്തു വ്യക്തമാക്കുന്നത്; ഈ ലോകജീവിതത്തിലാണ് ദൈവത്തെ അനുസരിക്കുമോ ഇല്ലയോ എന്ന തീരുമാനം തീരഞ്ഞെടുക്കുവാനുള്ള അവസരം എന്നതാണ്. നാം കർത്താവിനെ വിശ്വസിക്കയും അവന്റെ കല്പനകൾ അനുസരിക്കയും ചെയ്യുന്നുവെങ്കിൽ നമുക്കു രക്ഷപ്പെടാൻ കഴിയും. അങ്ങനെ ചെയ്വാൻ നാം തീരുമാനിക്കുന്നില്ലെങ്കിൽ നാം നഷ്ടപ്പെട്ടുപോകും. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്യുന്നതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു (2 കൊരിന്ത്യർ 5:10). ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതക്കുന്നതുതന്നെ കൊയ്യും; ആത്മാവിൽ വിതക്കുന്നവൻ ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും (ഗലാത്യർ 6:7-8). അതായതു നീതിമാന്മാർക്കും നീതികെട്ടവർക്കും അവരവരുടെ പ്രവൃത്തിക്കു തക്ക ന്യായവിധി ഉണ്ടാകും. പിന്നെ അവസാനം ഉണ്ടാകയും ചെയ്യും.

മരിച്ച ആളുകൾക്കുവേണ്ടി പ്രാർത്ഥിച്ചാലും പണമൊ പിഴയൊ ഒടുക്കിയാലും പിന്നീട് മാററം ഒന്നും സംഭവിക്കയില്ല. ശുദ്ധീകരണ സ്ഥലം എന്നൊന്ന് ബൈബിളിൽ പറഞ്ഞിട്ടുള്ളതല്ല. ദൈവ പദ്ധതിയിലുള്ളതല്ല. ഇങ്ങനെ പഠിപ്പിക്കുന്നവർ രണ്ടാമത് ഒരു അവസരം ഉണ്ട് എന്നു വരുത്തി തീർക്കയാണ്. അന്ന് ആഗ്രഹിക്കുന്ന രീതിയിൽ ഒരു ഫലമാററം ഉണ്ടാകുന്നതിനുവേണ്ടിയത്രെ പണം കുടുംബാംഗങ്ങളും സ്നേഹിതരും ചെലവഴിക്കുന്നു. ഇതു നിഷ്പ്രയോജനമത്രേ. ഒരിക്കൽ മരണവും പിന്നെ ന്യായ

വിധിയുമാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത്. ദൈവത്തിനു വല്ലതും കൊടുത്തിട്ടു ദൈവ കല്പനക്കു മാറ്റം വരുത്താൻ ശ്രമിക്കുന്നതു ഭോഷത്വം തന്നെയാണ്. എങ്ങനെ ജീവിച്ചാലും ശരി, ജീവിക്കുന്നവരെല്ലാം മരിക്കും. പിന്നീട് ആ അവസ്ഥക്കും മാററം വരുത്തുവാൻ സാദ്ധ്യമല്ല എന്ന് എല്ലാവരും ഓർമ്മിക്കുക (ലൂക്കൊസ് 15).

അവസാനമായി, അറിവില്ലായ്മകൊണ്ട് ഒരാളും രക്ഷിക്കപ്പെടാൻ കഴിയില്ല. അക്കാരണത്താൽ അവസാനം അവനു ഒഴിവു കഴിവ് കിട്ടും എന്നു വിചാരിക്കുന്നവരുണ്ട്. അതും നടപ്പുള്ള കാര്യമല്ല. കർത്താവ് തന്റെ ഹിതം പൂർണ്ണമായി വെളിപ്പെടുത്തി. ലോകം മുഴുവൻ അറിയിക്കുവാൻ മനുഷ്യരോട് കല്പിക്കുകയും ചെയ്തു. സത്യം അറിഞ്ഞവരുടെ കടമ മററുള്ളവരെ അറിയിക്കുക എന്നതാണ്. സത്യം അന്വേഷിച്ചു കണ്ടെത്തുവാനുള്ള കടമ എല്ലാവർക്കും ഉണ്ട്. നാം അതു അറിയാതിരിക്കയും മററുള്ളവരാൽ ചതിക്കപ്പെടുവാൻ നാം നമ്മെ അനുവദിച്ചുകൊടുക്കയും ചെയ്താൽ കുററക്കാർ നാം തന്നെയാണ്. നമ്മളാണ് ദൈവത്തിനു കണക്കു കൊടുക്കേണ്ടതു. അനന്തരഫലം അനുഭവിക്കേണ്ടതും നമ്മൾ തന്നെയാണ്. മനുഷ്യരുടെ അജ്ഞതയുടെ പേരിൽ അവർക്കു ഒഴിവ് കഴിവ് കൊടുക്കുമ്പോൾ ദൈവ നീതിയെ മാററിനിർത്തേണ്ടിവരും. ദൈവപരിജ്ഞാനം എല്ലാവരും അറിയണം. അറിയായ്മയുടെ കാലം ദൈവം കണക്കിലെടുക്കാതെ എല്ലാവരോടും മാനസാന്തരപ്പെടുവാൻ ദൈവം കല്പിച്ചിരിക്കയാണ് (1 തിമൊഥെയോസ് 2:4; പ്രവൃത്തി 17:31). ഉത്തരവാദിത്വത്തിൽനിന്നും കടമയിൽനിന്നും ഒളിച്ചോടുവാൻ ദൈവം ആരെയും അനുവദിക്കുന്നില്ല. ഈ ലോകപ്രകാരം ഉള്ള നിയമത്തെ ലംഘിച്ചാൽ അതിൽനിന്നു നാം ഒഴിവുള്ളവരാകുന്നില്ല. ഒരു ന്യായാധിപൻ കുററം ചെയ്ത കുററവാളിക്കു തക്കതായ ശിക്ഷ നൽകുവാൻ വിധിക്കുന്നു. നിയമം അറിഞ്ഞിട്ടില്ലായിരുന്നു എന്നു പറഞ്ഞാൽ കുററവാളിയെ

കുററവിമുക്തരാക്കയില്ല. അതുപോലെ ദൈവവും കുററം ചെയ്തവരെ ശിക്ഷിക്കും. നിയമം അനുസരിച്ചവരെ ശിക്ഷിക്കയുമില്ല.

''ആകയാൽ നമ്മിൽ ഓരോരുത്തർ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും''. ഈ കാര്യങ്ങളിൽ നിങ്ങളെ ആരും ചതിക്കാതിരിക്കട്ടെ. ആത്മാവിനെ നൽകിയ ദൈവം ആ ആത്മാവിനെ സ്വീകരിക്കുവാൻ നൽകിയ പ്രമാണങ്ങളെ അനുസരിക്കുവാൻ ദൈവവചനം ശ്രദ്ധേയമായി വായിച്ച് സത്യം മനസിലാക്കുക. മനുഷ്യരെയല്ല നാം ആശ്രയിക്കേണ്ടതു ദൈവത്തെയാണ്. . കർത്താവിൻെറ വീണ്ടും വരവിൽ എന്തെല്ലാം സംഭവിക്കും എന്നു തിരിച്ചറിയുവാൻ അതു അത്യാവശ്യമാണ്. ദൈവാനുഗ്രഹം പ്രാപിക്കേണ്ടതിനു ദൈവം നിങ്ങൾക്ക് അവസരം തന്നിരിക്കുന്നു.

★

# യേശു എന്ന നാമം

**കെ. രോവെൽ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ക്ഷണത്തിൽ അവൻെറ കാലും നരിയാണിയും കുതിച്ചു എണീററു നടന്നു (പ്രവൃത്തി 3:6-7). ഇതു കണ്ട ജനം വിസ്മയം പൂണ്ട് പരിഭ്രാന്തരായി ആളുകൾ ഓടിക്കൂടി. അപ്പോൾ പത്രോസ് അവരോട് ദൈവവചനം ധൈര്യമായി പ്രസ്താവിക്കാൻ തുടങ്ങി. അവരുടെ ആകൃത്യങ്ങളെയും അറിവില്ലായ്മയേയും പരിഹാരത്തെയും നിർദ്ദേശിച്ചു. മാനസാന്തരപ്പെട്ട് അവരുടെ പാപങ്ങൾ മാഞ്ഞുകിട്ടേണ്ടതിനു തിരിഞ്ഞു കൊൾവിൻ എന്നു പറഞ്ഞു. മരിച്ചവരിൽ നിന്നുള്ള പുനരുത്ഥാനത്തെ യേശുവിൻെറ ദൃഷ്ടാന്തത്താൽ അറിയിക്കയും ഉപദേശിക്കയും ചെയ്കയാൽ പുരോഹിതന്മാരും ദേവാലയത്തിലെ പടനായകരും സാദൂക്യരും ചേർന്നു അവനെ തടവിലാക്കി.

പിറെറന്നാരം അവരുടെ പ്രമാണികളും മൂപ്പന്മാരും ശാസ്ത്രിമാരും യെരുശലേമിൽ ഒന്നിച്ചുകൂടി; മഹാ പുരോഹിതനായ ഹന്നായും കയ്യഫാവും യോഹന്നാനും അലെക്സന്തരും മഹാപുരോഹിത വംശത്തിലുള്ളവർ ഒക്കെയും ഉണ്ടായിരുന്നു. ഇവർ അവരെ നടുവിൽ നിറു ത്തി; ഏതു ശക്തി കൊണ്ടോ ഏതു നാമത്തിലോ നിങ്ങൾ ഇതു ചെയ്തു എന്നു ചോദിച്ചു. പത്രൊസ് പരിശു ദ്ധാത്മാവ് നിറഞ്ഞവനായി അവരോടു പറഞ്ഞതു: ജന ത്തിന്റെ പ്രമാണികളും മൂപ്പന്മാരും ആയുള്ളോരേ, ഈ ബലഹീന മനുഷ്യന്നു ഉണ്ടായ ഉപകാരം നിമിത്തം ഇവൻ എന്തൊന്നിനാൽ സൌഖ്യമായി എന്നു ഞങ്ങളെ ഇന്നു വി സ്തരിക്കുന്നു എങ്കിൽ നിങ്ങൾ ക്രൂശിച്ചവനെ ദൈവം മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവനുമായി നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നേ, ഇവൻ സൌഖ്യ മുള്ളവനായി നിങ്ങളുടെ മുന്നിൽ നില്ക്കുന്നു എന്നു നിങ്ങൾ എല്ലാവരും ഇസ്രായേൽ ഗൃഹം ഒക്കെയും അറി ഞ്ഞുകൊൾവിൻ (പ്രവൃത്തി 4:5-10). ദൈവാധികാരത്തെ യും ശക്തിയെയും ജനങ്ങൾക്ക് തെളിയിച്ചുകൊടുത്ത സംഭവമായിരുന്നു അതു. നമുക്കു അറിയാം യേശുക്രി സ്തു അപ്പോസ്തലന്മാർക്ക് അത്ഭുതങ്ങൾ ചെയ്യുവാ നുള്ള അധികാരവും ശക്തിയും കൊടുത്തിരുന്നു. എന്നാൽ അങ്ങനെ യെഹൂദന്മാർക്കും പ്രമാണിമാർക്കും ഇതു അറി ഞ്ഞുകൂടായിരുന്നു എന്നു സ്പഷ്ടം.

ഈ ഭാഗം ഞാൻ വായിച്ചപ്പോൾ എനിക്ക് ചിന്തിക്കാ തിരിക്കാൻ കഴിഞ്ഞില്ല. എന്ത് അത്ഭുതകരമായ നാമം! എന്തു മനോഹരമായ നാമം! എന്തു ശക്തമായ നാമം! എന്നിട്ടും ഇന്നു ചില ആളുകൾ യേശുവിന്റെ ഈ അധി കാരത്തെ കുറച്ചു കാണുന്നതു എത്ര ദുഃഖകരമാകുന്നു. ഏതാനും പേർ ഒരു പേരിൽ എന്തിരിക്കുന്നു എന്ന വരദ ഗതിയുമായിരിക്കുന്നവരുണ്ട്. ദൈവത്തിന്റെ അരുളപ്പാ ടുകളാകുന്ന ബൈബിളിൽ ഇതിനെ വിവിധ ഘട്ടങ്ങളിൽ

പ്രതിപാദിച്ചിരിക്കുന്നതും നാം അതു മററുള്ളവരെ ഓർപ്പിക്കുന്നതിനുമാകുന്നു. ദൈവികമായ അധികാരം ഇതര മതത്തിനോ മതാദ്ധ്യക്ഷന്മാരിലോ അല്ല എന്നതാണ് ഇതു ഉദ്ഘോഷിക്കുന്നതു. ദൈവാധികാരത്തെ ചോദ്യം ചെയ്യുന്നവർ ദൈവത്തെ അറിയുന്നവരല്ല.

അപ്പൊസ്തലനായിരുന്ന യോഹന്നാൻ, താൻ എഴുതിയ സുവിശേഷ വിവരങ്ങളുടെ കാരണം വ്യക്തമാക്കിയിട്ടുണ്ട്. നമുക്കു ജീവൻ ഉണ്ടാകേണ്ടതിനും, അതു ക്രിസ്തുവിലുള്ള വിശ്വാസം നിമിത്തവുമാകുന്നു. "എന്നാൽ യേശു ദൈവ പുത്രനായ ക്രിസ്തു എന്നു നിങ്ങൾ വിശ്വസിക്കേണ്ടതിനും വിശ്വസിച്ചിട്ടു അവന്റെ നാമത്തിൽ നിങ്ങൾക്കു ജീവൻ ഉണ്ടാകേണ്ടതിനും ഇതു എഴുതിയിരിക്കുന്നു" (യോഹന്നാൻ 20:31). അപ്പോൾ നമുക്കു കിട്ടുന്ന ജീവൻ യേശുക്രിസ്തു മുഖാന്തിരമാകുന്നു. "അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു" (ലൂക്കൊസ് 24:47). ഇത്രയും പ്രാധാന്യമുള്ള ക്രിസ്തുവിന്റെ നാമത്തെ തള്ളിപ്പറയുന്നവർ ഇന്നുമില്ലേ? അവരുടെ സംസാരം തന്നെ "ഓ ഒരു പേരിൽ എന്താണിത്ര മഹിമ" എന്നാണ്. അപ്പൊസ്തലനായിരുന്ന പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കു: "എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിലും നിങ്ങളെത്തന്നെ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു" (1 കൊരിന്ത്യർ 6:11). ഇത്രയും തെളിവായി പറഞ്ഞിരിക്കുന്ന ക്രിസ്തുവിന്റെ നാമത്തെ മാററി നിർത്തിയാൽ മനുഷ്യർക്ക് എന്തു പ്രയോജനമാണ് കിട്ടാനുള്ളത്.

യേശുക്രിസ്തുവിന്റെ നാമത്തിൽ കഷ്ടതയും ഉപദ്രവും സഹിച്ച അപ്പോസ്തലന്മാരും പ്രാരംഭ ക്രിസ്ത്യാനികളും നമ്മുടെ കൺമുമ്പിൽ ഉണ്ട്. യേശുവിന്റെ നാമ

ത്തിൽ കഷ്ടത ഏല്ക്കുമ്പോഠം ലജ്ജിക്കാതെ അതു യോഗ്യമെന്നു കരുതി. യേശുക്രിസ്തു അപ്പൊസ്തലന്മാരോടുകൂടെ ആയിരുന്നപ്പോഠം അവരെ പഠിപ്പിച്ചിട്ടുണ്ട്. "എന്റെ നാമം നിമിത്തം എല്ലാവരും നിങ്ങളെ പകക്കും അവസാനത്തോളം സഹിച്ചു നില്ക്കുന്നവർ രക്ഷിക്കപ്പെടും'' (മത്തായി 10:22). യേശുവിന്റെ നാമം മുറുകെ പിടിച്ചതിനാലും വിശ്വാസം തള്ളിക്കളയാതിരുന്നതിനാലും നമ്മുടെ ഒരു സഹോദരനായിരുന്ന അന്തിപ്പാസിനെ ആളുകഠം കൊല്ലുകയുണ്ടായി. ആ കഷ്ടത ഒന്നും അവർ വെറുതെ സഹിച്ചതല്ല. യേശുക്രിസ്തുവിന്റെ നാമം ധരിച്ചുകൊണ്ട് അവനിലുള്ള വിശ്വാസത്തിൽ ജീവിക്കുമ്പോഠം നമുക്ക് എന്തു സംഭവിച്ചാലും നമുക്ക് ഒരു പ്രതിഫലം ഉണ്ട് എന്നതു സത്യമാണ്. നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങഠം സാരമില്ല എന്നു ഞാൻ പറയുന്നു (റോമർ 8:18).

നാം കൂടി വരുന്നതിനെക്കുറിച്ച് കർത്താവിന്റെ വചനം വെളിപ്പെടുത്തുന്ന സത്യം നോക്കുക. ''രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു'' (മത്തായി 18:20). ദൈവ വചനമനുസരിച്ച് ജീവിക്കുന്നവരുടെമേൽ വിളിച്ചിരിക്കുന്ന നാമം നല്ല നാമമെന്നു യാക്കോബ് പറയുന്നു (യാക്കോബ് 2;7). വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അതു കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്‌വാൻ അപ്പൊസ്തലനായ പൌലൊസ് പ്രബോധിപ്പിച്ചിരിക്കുന്നു. ഏററവും ശ്രേഷ്ഠമായ നാമമാണ് കർത്താവിന്റേതു.

★

# തേൻകട്ട

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

ഇമ്പംപകരുന്ന വാക്കുകളെപ്പോഴും,
തേൻകട്ടപോലെ മധുരംപകരുമേ,
അസ്ഥികളെപ്പെഴും ബന്ധംവിടാതങ്ങു,
ഔഷധംപോലെ ഫലിക്കുമതെപ്പോഴും.

ചൊവ്വെന്നു തോന്നും വഴിയുണ്ടതെപ്പോഴും,
മരണക്കെണിയെന്നതോർക്കുമോ മർത്ത്യനേ.
വിശപ്പു ശമിക്കുവാൻ പാടുപെടുന്നവൻ,
വായും വയറുമോ നന്നായ് നിറയ്ക്കുമേ.

നിസ്സാര മാനസൻ വെട്ടും കുഴിയിലോ,
കത്തുന്ന തീയുണ്ടു ചുട്ടുകരിക്കുമേ.
നാവിൻ വിഷത്തിനാൽ കാടും കരിയുമേ,
കത്താതിരിക്കുവാൻ നാക്കിനെ നോക്കുക.

വക്രതയുള്ളവൻ ഏഷണി ചൂണ്ടുന്നു,
മിത്രങ്ങളെത്തന്നെ തമ്മിൽ പിണക്കുന്നു.
ബന്ധം പിരിക്കുവാൻ ഊരാക്കുടുക്കുകൾ,
എല്ലാവഴിയിലും വാരി വിതറുന്നു.

നൽ വാക്കുരയ്ക്കുകിൽ കല്ലും കനിയുമേ;
കുത്തി പറയുകിൽ ചങ്കു തകരുമേ.
ദീർഘക്ഷമയോടു കാര്യം ഗ്രഹിക്കുക,
പട്ടണംതന്നെ പിടിച്ചടക്കീടുക.

★

# കേൾവിക്കു മാന്ദ്യത

## ഡീൻ ഫ്യൂജറ്റ്

കേൾക്കുവാനുള്ള കാര്യങ്ങൾ ധാരാളമുണ്ട്. കേൾക്കുന്നത് എന്ത് കേൾക്കാതിരിക്കുന്നതെന്ത്? ശാരീരികമായ ശേഷിയിൽ മനുഷ്യജീവിതത്തിൽ പ്രധാന പങ്കു വഹിക്കുന്ന ഒന്നാണ് ശ്രവണ ശക്തി. കേൾക്കുവാൻ കഴിയാതെ അംഗവൈകല്യത്താൽ വിഷമിക്കുന്ന ധാരാളംപേർ ഉണ്ട്. അപകർഷതാബോധത്തിൻെറ നീർച്ചുഴിയിൽ അകപ്പെട്ട് നീറുകയാണ് അവർ. നമ്മുടെ ശരീരത്തിൻെറ അവയവങ്ങൾക്ക് എല്ലാം പ്രാധാന്യമുണ്ട്. ഒന്നിനെ മററൊന്നിൽ നിന്നു മാററി നിർത്താനാവില്ല. ശബ്ദം തിരിച്ചറിയുവാനുള്ള കഴിവ് ദൈവം തന്നിരിക്കുന്നത് എത്ര വലിയ അനുഗ്രഹമാണ്. നാം ആ കഴിവിനെ ഏതു വിധത്തിൽ ഉപയോഗിക്കുന്നു എന്നും ഏതു വിധത്തിൽ ഉപയോഗിക്കാതിരിക്കുന്നു എന്നും വേർതിരിച്ച് മനസിലാക്കുക.

യേശുക്രിസ്തു യഹൂദന്മാരുടെ മദ്ധ്യേ ജീവിച്ചപ്പോൾ അവരുടെ ഇടയിൽ പരീശന്മാരായ ഒരുകൂട്ടം ആളുകൾ ഉണ്ടായിരുന്നു. അവരെ കുറിച്ച് യേശുക്രിസ്തു പ്രസ്താവിച്ചത്: 'നിങ്ങൾ ചെവിയാൽ കേൾക്കും ഗ്രഹിക്കയില്ലതാനും; കണ്ണാൽ കാണും ദർശിക്കയില്ലതാനും. ഈ ജനത്തിൻെറ ഹൃദയം തടിച്ചിരിക്കുന്നു; അവർ ചെവികൊണ്ട് മന്ദമായി കേൾക്കുന്നു; കണ്ണു അടെച്ചിരിക്കുന്നു. അവർ കണ്ണു കാണാതെയും ചെവി കേൾക്കാതെ

യും ഹൃദയം ഗ്രഹിക്കാതെയും തിരിഞ്ഞു കൊള്ളാതെയും ഞാൻ അവരെ സൗഖ്യമാക്കാതെയും ഇരിക്കേണ്ടതിന്നു തന്നെ'' (മത്തായി 13:14). എബ്രായലേഖകൻ അന്നത്തെ ക്രിസ്ത്യാനികളെ കുറിച്ച് പറയുന്നതും ഇതിനോടു യോജിക്കുന്നു. ''ഇതിനെ കുറിച്ച് ഞങ്ങൾക്കു വളരെ പറയുവാനുണ്ട്; എങ്കിലും നിങ്ങൾ കേൾപ്പാൻ മാന്ദ്യമുള്ളവരായി തീർന്നതുകൊണ്ട് തെളിയിച്ചു തരുവാൻ വിഷമം'' (എബ്രായർ 5:11). ഈ രണ്ടു സന്ദർഭങ്ങളിലും അവർക്കു കൃത്രിമമായ ശ്രവണ മാർഗ്ഗം വേണമെന്നല്ല പറയുന്നത്. ഭൗതികമായ അംഗവൈകല്യത്താലുള്ള പ്രയാസം അല്ല അവർ നേരിട്ടുകൊണ്ടിരുന്നത്. എന്നാൽ സ്വന്തം ആത്മീയമായ കാര്യങ്ങൾ കേൾക്കുവാൻ അവർക്കു താല്പര്യമില്ല, ദൈവവുമായി അവരെ അടുപ്പിക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ഗ്രഹിക്കുവാൻ അവർക്കു മനസില്ലായിരുന്നു. അവർ വിശ്വസിച്ചു കഴിഞ്ഞതിനപ്പുറമായി മറ്റൊന്നും കേൾക്കുവാൻ അവർക്കു ആഗ്രഹമില്ല.

ഇന്നു അനേകർ ഈ പ്രതിസന്ധിയിലാണ്. അവരുടെ ആനുകാലിക വിശ്വാസങ്ങൾക്കും അഭിപ്രായങ്ങൾക്കും വ്യത്യസ്തമായി ഒന്നും കേൾക്കണമെന്നില്ല. അവർ എന്തു കേൾക്കുമെന്നും വിശ്വസിക്കുമെന്നും നേരത്തെ തന്നെ തീരുമാനിച്ചു കഴിഞ്ഞു. ദൈവത്തിന്റെ സത്യസന്ദേശം കേൾക്കുന്നതു നിമിത്തം ലഭിക്കുവാനിരിക്കുന്ന അനുഗ്രഹങ്ങളെ അവർ തട്ടിക്കളയുകയാണ് ചെയ്യുന്നത് (യോഹന്നാൻ 8:32). ഇപ്പോൾ തങ്ങൾ സ്വീകരിച്ചിരിക്കുന്നതിന് അപ്പുറം മറ്റൊരു സത്യം ഇല്ലെന്നു അന്ധമായി വിശ്വസിക്കുന്നവരും ഉണ്ട്. ഇതു ഖേദകരമായ ഒരു മുൻ

വിധിയാണ്. ഭൗതികമായതെന്തും, അവർ പരിശോധി ക്കാൻ തയ്യാറാണ്. പക്ഷെ ദൈവികമായ കാര്യങ്ങളെ പരി ശോധിക്കാൻ കൂട്ടാക്കുന്നുമില്ല.

ദുരഭിമാനം കേൾവിക്കു തടസമായും ദൈവത്തിങ്കലേ ക്കു പരിവർത്തനം ചെയ്യാതിരിപ്പാനും കാരണമായും തീർ ന്നിരിക്കുന്നു. അവർ എന്തു കേട്ടിട്ടില്ലയോ, അതു തിമി ത്തം അവരെ ന്യായം വിധിക്കയില്ല എന്ന നിഗമനത്തിലാ ണ്. ദൈവത്തിനു കണക്കു കൊടുക്കേണ്ടതായ സത്യത്തെ അജ്ഞതകൊണ്ടു മറെക്കാൻ ശ്രമിക്കയാണ് അവർ: എന്നാൽ വാസ്തവമെന്താണ് ? അവർ മുന്നിൽ വെളിപ്പെടുത്തിയ അവസരങ്ങളെ അവർ ഉപയോഗിച്ചില്ല എന്നതാണ്. കേൾ ക്കുക എന്നതു ഒരവസരമാണ്. ദൈവ ശബ്ദം കേൾക്കു വാൻ ദൈവം അവസരം ഒരുക്കുന്നു. സഭായോഗം മുടക്ക രുത് എന്ന ദൈവിക ചട്ടത്തെ അവഗണിക്കുന്നവർ ദൈവ വചനകേൾവി നഷ്ടപ്പെടുത്തുകയാണ്. സത്യ സഭയെ ഉപേക്ഷിച്ച് നാമധേയ വിഭാഗങ്ങളുടെ കേൾവിക്കു തിരി യുന്നതും സത്യത്തെ കേൾക്കുവാനുള്ള അവരുടെ മാന്ദ്യ ത്തെ സൂചിപ്പിക്കുന്നു (എബ്രായർ 10: 24-25). അവരുടെ നിത്യരക്ഷക്കു വേണ്ടിയുള്ള അവസരത്തെയാണ് അവരുടെ തീരുമാനത്താൽ നഷ്ടമാക്കുന്നത്.

ഈ കേൾക്കുവാനുള്ള മാന്ദ്യം കർത്താവിൻെറ സഭയി ലും പുറത്തും സംഭവിച്ചു കൊണ്ടിരിക്കുന്ന ഒന്നാണല്ലൊ. പരീശന്മാർ വിചാരിച്ചത് അവർ നീതിമാന്മാർ എന്നാണ്.

അതുകൊണ്ട് അവർ മററൊന്നും കേൾക്കുവാൻ തുനിഞ്ഞില്ല. ദൈവത്തിനു പറയാനുള്ളതു പറയുമ്പോൾ അതു കേൾക്കുവാനുള്ള ഉത്തരവാദിത്വം നിഷേധിക്കയാണ് അവർ ചെയ്തത്. ദൈവരാജ്യത്തിൽ ആയിത്തീർന്നവരും ദൈവ വചനം കേൾക്കുവാൻ മന്ദതയുള്ളവരാകുമ്പോൾ അവർക്കു ലഭിക്കുന്ന അവസരത്തെ നിരസിച്ചുകളയുന്നു. സത്യത്തോടുള്ള അവരുടെ കാഴ്ച്ചപ്പാടിൽ വ്യത്യാസം വരുന്നു എന്നർത്ഥം. ഇതിനു അവർ തന്നെയാണ് ഉത്തരവാദികൾ: ഒഴിവുകഴിവു ഇല്ലാത്തതാകുന്നു ഇത്.

നാം വിശ്വസിച്ചിരിക്കുന്നതിനും സ്വീകരിച്ചിരിക്കുന്നതിനും അപ്പുറമായി മററൊന്നും കേൾക്കുകയില്ലെന്നു ശഠിക്കുന്നവർ ദോഷത്വത്തിലും, ദുരഭിമാനത്തിലും മുൻവിധിയിലും അകപ്പെട്ടിരിക്കയാണ്. ദൈവ വചനം സത്യമാണ്. നമ്മിലുള്ള പോരായ്മകൾ പരിഹരിക്കുവാൻ തന്നിരിക്കുന്ന സത്യത്തെ നാം പൂർണ്ണ ഗൗരവത്തോടെ കാണണം. കേൾക്കുവാൻ മാന്ദ്യമുള്ളവർ പരിശോധിക്കാൻ കൂട്ടാക്കാതിരിക്കുന്നു. അങ്ങനെ അവരുടെ നിത്യജീവൻ എന്നേക്കുമായി നിത്യ നരക യാതനയായി മാറുന്നു. നിത്യ ശിക്ഷ ഒഴിവാക്കുവാൻ, ദൈവ വചന സത്യം കേൾക്കുകയും അനുസരിക്കുകയും വേണം. ദൈവത്തിന്റെ ആഹ്വാനത്തെ ചെവിക്കൊള്ളാതിരിക്കരുത്.

# മാറാത്ത ദൈവാലോചന

## ദില്ലാർഡ് തർമാൻ

യഥാർത്ഥമായി നമ്മെ ആശ്വസിപ്പിക്കുന്ന ഒരു മനോഭാവം ദൈവത്തിനുണ്ടെങ്കിൽ അതു വ്യതിചലിക്കാത്ത, അല്ലെങ്കിൽ മാറാത്ത അവസ്ഥ തന്നെയാണെന്നു പറയാം. മനുഷ്യനുമായുള്ള തന്റെ എല്ലാ ബന്ധത്തിലും നമ്മുടെ ദൈവം വിശ്വസ്തൻ തന്നെ. സങ്കീർത്തനക്കാരൻ പറയുന്നു: യഹോവയുടെ കൃപകളെക്കുറിച്ചു ഞാൻ എന്നേക്കും പാടും; തലമുറ തലമുറയോളം എന്റെ വായ്കൊണ്ടു നിന്റെ വിശ്വസ്തതയെ അറിയിക്കും. ദയ എന്നേക്കും ഉറച്ചു നില്ക്കും എന്നു ഞാൻ പറയുന്നു. നിന്റെ വിശ്വസ്തതയെ നീ സ്വർഗ്ഗത്തിൽ സ്ഥിരമാക്കിയിരിക്കുന്നു (സങ്കീർത്തനങ്ങൾ 89:1-2). ദൈവം സംസാരിക്കുമ്പോൾ നമുക്കു അറിയാം അതു സത്യമാണെന്ന്. മോശെയുടെ ഗീതത്തിലും തെളിഞ്ഞു നില്ക്കുന്ന വസ്തുതയാണ് ഇത്: "അവൻ പാറ; അവന്റെ പ്രവൃത്തി അത്യുത്തമം; അവന്റെ വഴികൾ ഒക്കെയും ന്യായം. അവൻ വിശ്വസ്തതയുള്ള ദൈവം: വ്യാജമില്ലാത്തവൻ; നീതിയും നേരുമുള്ളവൻ തന്നേ'' (ആവർത്തന പുസ്തകം 32:4). ബിലെയാമിന്റെ സുഭാഷിതം ശ്രദ്ധിക്കൂ ! "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല, അനുതപിപ്പാൻ അവൻ മനുഷ്യപുത്രനുമല്ല, താൻ കല്പിച്ചതു ചെയ്യാതിരിക്കുമോ? താൻ അരുളിച്ചെയ്തതു നിവർത്തിക്കാതിരിക്കുമോ? (സംഖ്യാ പുസ്തകം 23;19). നമ്മുടെ വിശ്വാസവും പ്രത്യാശയും എല്ലാം ദൈവത്തിൽ അർപ്പിക്കാൻ ധൈര്യം അവലംബിക്കുക. അപ്പൊസ്തലനായിരുന്ന പൌലൊസ് അവനെക്കുറിച്ചു പ്രഖ്യാപിച്ചതു: നാം അവിശ്വസ്തരായി തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു. തന്റെ സ്വഭാവം ത്യജിപ്പാൻ അവനു കഴികയില്ലല്ലൊ. ഈ വചനം വിശ്വാ

സ്യയോഗ്യമാകുന്നു (2 തിമൊഥെയോസ് 2:13). ദൈവം കല്പിച്ചാൽ അതു സംഭവിക്കും. വാഗ്ദാനം ചെയ്താൽ നിറവേറും; പറഞ്ഞാൽ അതു സത്യമായിരിക്കും. പ്രവാചകർ അരുളിച്ചെയ്ത കർത്താവിന്റെ മൊഴി നേരുള്ളതു.

## പ്രകൃതിയിൽ ദൈവം വിശ്വസ്തനും സത്യവാനും

പ്രകൃതിയിൽ ദൈവത്തിന്റെ വിശ്വസ്തതയുടെ ഉറപ്പു നല്കുന്നുണ്ട്. ധാർമ്മിക നിയമത്താൽ ചലിക്കുന്ന ഒന്നാണല്ലോ പ്രകൃതി. അതിനു മാററമോ ഏററക്കുറച്ചിലോ അനുഭവപ്പെടുന്നില്ല. സൂര്യനെയും, ചന്ദ്രനെയും, നക്ഷത്രങ്ങളെയും ദൈവം അതാതിന്റെ സ്ഥാനത്തു നിർത്തിയിരിക്കുന്നു. ലോകത്തോടുള്ള അവയുടെ സ്വാധീനശക്തിയിൽ മാററം സംഭവിക്കുന്നില്ല. "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു. ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. പകൽ പകലിനു വാക്കു പൊഴിക്കുന്നു; രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു (സങ്കീർത്തനങ്ങൾ 19:1-2). പകൽ സമയത്തു ജോലി ചെയ്തു ക്ഷീണിക്കുന്നതു നിമിത്തം രാത്രിയിൽ നമുക്കു ഉറങ്ങാം. രാവിലെ ഉണരുന്നതു ഒരു ഉറപ്പോടുകൂടെയാണ്. ദൈവം മുകളിൽ ഉള്ളതുകൊണ്ട് എല്ലാ കാര്യങ്ങളെയും അവൻ നിയന്ത്രിക്കുന്നു. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പിന്നീട് സൃഷ്ടിച്ചവയെല്ലാം അതാതിന്റെ പ്രവൃത്തികൾ അഭംഗുരം തുടരുന്നു. സർവ്വശക്തനായ ദൈവത്തിന്റെ വിസ്മയകരമായ പ്രവൃത്തിയാണ് അതെല്ലാം. അവനിൽ അവയെല്ലാം വിശ്വസ്തമായിരിക്കുന്നു. പരാജയപ്പെടാതെ ദൈവത്തിന്റെ സൃഷ്ടികളെല്ലാം സജീവമായി നിലനില്ക്കുന്നു എന്നതു എത്ര അത്ഭുതം!

"യഹോവേ നിന്റെ വചനം സ്വർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്നു; നിന്റെ വിശ്വസ്തത തലമുറ-

തലമുറയോളം ഇരിക്കുന്നു. നീ ഭൂമിയെ സ്ഥാപിച്ചു
അതു നില നില്ക്കുന്നു. അവ ഇന്നുവരെ നിന്റെ നിയമ
പ്രകാരം നിലനില്ക്കുന്നു. സർവ്വ സൃഷ്ടികളും നിന്റെ
ദാസന്മാരാകുന്നു (സങ്കീർത്തനങ്ങൾ 119:90-91). സകല
ത്തെയും ഉണ്ടാക്കുക മാത്രമല്ല; അവൻ തന്റെ ശക്തിയുള്ള
വചനത്താൽ വഹിക്കുന്നവനുമാണ് (എബ്രായർ 1:3).
ഒരിക്കൽ ഒരു കുട്ടി തന്നെത്താൻ ഒരു പന്ത് മുകളിലേക്കു
എറിയുകയും തിരിച്ചു വരുമ്പോൾ പിടിക്കയും ചെയ്തു
കൊണ്ടിരുന്നതു ശ്രദ്ധിച്ച വഴിയാത്രക്കാരൻ കുട്ടിയോട്
നീ എന്താണ് ചെയ്യുന്നത് എന്നു ചോദിച്ചു. കുട്ടി അതി
നു ഉടനെ പറഞ്ഞ മറുപടി ''ഞാൻ ദൈവവുമായി കളിക്ക
യാണ് എന്നാകുന്നു. അവൻ പറഞ്ഞു: ഞാൻ പന്ത് മുകളി
ലേക്കു എറിയും ദൈവം അതു തിരികെ ഇങ്ങോട്ടു തന്നെ
വിടും എന്ന്. ഭൂമിക്കു ആകർഷണശക്തി കൊടുത്തു നിർ
മ്മിച്ച ദൈവത്തിൽ വിശ്വസിക്കുന്ന ഒരു കുട്ടി നിങ്ങൾക്കു
ണ്ടോ? ''ഈ കാണുന്ന ലോകത്തിന്നു ദൃശ്യമായതല്ല കാര
ണം എന്നു വരുമാറു ലോകം ദൈവത്തിന്റെ വചനത്താൽ
നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു''
(എബ്രായർ 11:3). ഈ വിശാലമായ പ്രകൃതിയെ നിയ
ന്ത്രിക്കുന്നതു മാറ്റമില്ലാതെ തുടരുന്നതു കാണുമ്പോൾ
ദൈവത്തിന്റെ സ്ഥിരമായ സ്വഭാവത്തെ നമുക്കു കാണാം.

വൈദ്യുതി നിയമത്തിൽപോലും മാറ്റമില്ലാത്ത അവ
സ്ഥ നമുക്കു തിരിച്ചറിയാം. അതിനു വ്യത്യാസം സംഭവി
ക്കുന്നില്ല. വൈദ്യുതിയിൽ എപ്പോഴും വരുന്നതും പോ
കുന്നതുമായ പ്രവാഹം ഉണ്ടായിരിക്കും. ഈ നിയമപ്രകാ
രമല്ലാതെ ഒരു ലൈററും കത്തുകയില്ല; ഒരു മോട്ടോറും
പ്രവർത്തിക്കയില്ല. ന്യൂട്ടൻ ഭൂമിയുടെ ആകർഷണശക്തി
കണ്ടു പിടിക്കമാത്രമാണ് ചെയ്തതു. അതിന്റെ നിർമ്മാ
താവ് ദൈവമാണ്. ഓരോ വിത്തും അതാതിന്റെ ഫലം
പുറപ്പെടുവിക്കുന്നു അതു പ്രത്യുല്പാദന നിയമമാണ്
കൃഷിക്കാർക്കെല്ലാം സുപരിചിതമായ വസ്തുതയാണത്.

പ്രത്യുല്പാദന നിയമം മനുഷ്യൻ ഉണ്ടാകുന്നതിനു മുമ്പു തന്നെ നിലവിലുണ്ടായി. അതിനു മാററമില്ല. ഈ നിയമ ങ്ങളെല്ലാം മാററമില്ലാതെ തുടരുന്നതിന്റെ കാരണം ദൈവ മാണ് അവയെ അത്തരത്തിൽ നിയന്ത്രിക്കുന്നതു എന്നതാ ണ്. അങ്ങനെയുള്ള ദൈവസ്വഭാവം സ്ഥിരമായിരിക്കുന്നു എന്ന തെളിവാണ് ഇതിൽക്കൂടെ അവൻ കാണിച്ചു തരുന്ന തു. നാം എങ്ങനെയൊക്കെ മാറിയാലും ശരി ദൈവത്തി ന്റെ സ്വഭാവം മാറാതിരിക്കുന്നു എന്നതു എത്ര ആശ്വാസ കരം.

## വിശ്വസ്തനായ ദൈവം വിശ്വസ്തനായ അബ്രാഹാമിനോട്

കല്ദയരുടെ പട്ടണമായ ഊരിൽനിന്നും ദൈവം അബ്രഹാമിനെ വിളിച്ചപ്പോൾ ദൈവം നല്കിയ വാഗ്ദാ നം വരുവാനുള്ള തലമുറകൾക്ക് പ്രതീക്ഷയും പ്രത്യാശ യും ഉണർത്തുന്ന സുവർണ്ണ രേഖയായി മാറി, "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും; നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇസ്രായേലിന്റെ പ്രത്യാശക്കായി ദൈവം വാഗ്ദാനങ്ങളും അനുഗ്രഹങ്ങളും നല്കുമെന്ന് ബോധ്യപ്പെടുത്തിയതു അവരുടെ ആശ്രയം ദൈവത്തിൽ ആയിരിക്കേണ്ടതിനാണ്. ദൈവം അബ്രാഹാ മിനോടു വാഗ്ദാനം ചെയ്തപ്പോൾ തന്നെക്കാൾ വലിയ വരെ കൊണ്ടു സത്യം ചെയ്‌വാൻ ഇല്ലാഞ്ഞിട്ടു തന്നെക്കൊ ണ്ടുതന്നെ സത്യം ചെയ്തു. "ഞാൻ നിന്നെ അനുഗ്രഹി ക്കയും നിന്നെ വർദ്ധിപ്പിക്കയും ചെയ്യും", എന്നു അരു ളിച്ചെയ്തു. മനുഷ്യൻ ആണയാലല്ലല്ലൊ കാര്യങ്ങൾ ഉറപ്പി ച്ചു പറയുന്നതു.

(ശേഷം അടുത്ത ലക്കത്തിൽ)

★

# മററുള്ളവരെ വിധിക്കൽ

## മാർലിൻ കീൻ പാട്രിക്

യേശുക്രിസ്തുവിൻെറ ഭൂമിയിലെ ശുശ്രൂഷാവേളകളിൽ തനിക്കു കാണാൻ കഴിഞ്ഞ പൊതുവായ പല കാര്യങ്ങളിൽ ഒന്നായിരുന്നു ക്ലേശം. ആളുകൾ ഈ കഷ്ടതയിൽ വ്യാകുലചിത്തരായിരുന്നു. അതിനു പരിഹാരം വരുത്തിയ കർത്താവിനെക്കുറിച്ച് തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നതു നോക്കുക. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്" (എബ്രായർ 4:15). യേശുവിൻെറ വാക്കുകൾ പലർക്കും ഖേദമുളവാക്കി; കാരണം തെററിദ്ധാരണയായിരുന്നു. ഇന്നും അതുപോലെ യേശുക്രിസ്തുവിൻെറ വചനങ്ങൾ തെററിദ്ധരിക്കപ്പെട്ടിരിക്കയാണ്. അതിനു നല്ലൊരു ഉദാഹരണമാണ് മററാരാൾ ചെയ്യുന്ന പ്രവൃത്തികളെ വിധിക്കുക എന്നതു. അതിൽ അടങ്ങിയിരിക്കുന്ന വസ്തുത നാം ശരിയായി പരിശോധിച്ചു മനസിലാക്കേണ്ടതാണ്.

"നിങ്ങൾ വിധിക്കപ്പെടാതിരിക്കേണ്ടതിന്നു വിധിക്കരുതു" എന്നു ക്രിസ്തു അരുളിച്ചെയ്തു (മത്തായി 7:1). മറെറാരു വ്യക്തിയുടെ പ്രവൃത്തിയെ വിലക്കുന്നതിനെയാണ് വിധിക്കരുതുഎന്നു പറഞ്ഞിരിക്കുന്നതു എന്നാണ് പലരും അതിനു പറയുന്ന കാരണം. സാഹചര്യങ്ങളും സന്ദർഭങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ. അതുകൊണ്ട് വേറൊരാളുടെ പ്രവൃത്തിയെ സംബന്ധിച്ച് നാം അഭിപ്രായം പറയരുത്. എന്നാൽ ഈ വേദഭാഗത്തിൽ പറഞ്ഞിരിക്കുന്ന കല്പനയുടെ ഉദ്ദേശം അതാണോ? അല്ലെങ്കിൽ അത്തരം അഭിപ്രായപ്രകടനം ശരിയാണോ എന്നു നാം ചിന്തിക്കേണ്ടതുണ്ടു. സന്ദർഭോചിതമായിരിക്കണം നാം കാര്യങ്ങളെ വിവേചിക്കുവാൻ. ഒരു വാക്യത്തിൻെറ അംശമായ

അർത്ഥം എടുത്തുകൊണ്ട് നമ്മുടെ ആശയം സ്ഥാപിക്കാൻ ശ്രമിക്കരുത്. വേദപുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സന്ദർഭം നാം വ്യക്തമായി മനസ്സിലാക്കിയിരിക്കണം. അതിനുശേഷമേ ആ വാക്യത്തിന്റെ പ്രസക്തി നാം എടുത്തു ഉപയോഗിക്കാവൂ.

മത്തായി ഏഴാം അദ്ധ്യായത്തിൽ യേശു വിധിക്കരുതു എന്നു പറഞ്ഞതു മററുള്ളവരുടെ ഉദ്ദേശങ്ങളെ മറികടന്നു തീർപ്പു കല്പിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നതു. വേറൊരാളുടെ ഉള്ളിലെ വിചാരങ്ങളെ അറിയുവാൻ ഒരു മനുഷ്യനും സാദ്ധ്യമല്ലല്ലൊ. കാപട്യം അടങ്ങുന്ന ഒന്നാണ് ഇവിടെ പറയുന്ന വിധികളും. സ്വന്ത കണ്ണിലെ കോൽ എടുക്കാതെ സഹോദരന്റെ കണ്ണിലെ കരട് നോക്കുന്നതു എന്ത്? അല്ല, സ്വന്ത കണ്ണിൽ കോൽ ഇരിക്കെ നീ സഹോദരനോടു: നില്ക്ക, നിന്റെ കണ്ണിൽ നിന്നു കരട് എടുത്തു കളയട്ടെ എന്നു പറയുന്നതു എങ്ങനെ? അങ്ങനെയുള്ളവർ കപടഭക്തരാണ് എന്നു കർത്താവു പറഞ്ഞിരിക്കുന്നു. (മത്തായി 7:4-5) ഒരാളുടെ പ്രവൃത്തനോദ്ദേശ്യം ഹൃദയത്തിൽ നിന്നാണല്ലോ ഉത്ഭവിക്കുന്നതു. അങ്ങനെയുള്ള ഉദ്ദേശത്തെ ഒരാൾ വിധിക്കുന്നതാണ് കർത്താവ് വിലക്കിയിരിക്കുന്നതു (മത്തായി 12:34-37). അതതു ഉദ്ദേശങ്ങളെ യഥാർത്ഥമായി അറിയുവാൻ കഴിയുന്നതു ദൈവത്തിനു മാത്രമാണ് (1 ശമുവേൽ 16:7). അഭിപ്രായം പറയുന്നത് വിധിക്കലല്ല. മറെറാരാൾ വിശ്വാസത്തിൽ ശക്തനാണ് എന്നു നമുക്കു എങ്ങനെ തീർച്ചപ്പെടുത്താം? അദ്ദേഹത്തിന്റെ പ്രവർത്തികൾ വചനാനുസരണമായിരിക്കും. സത്യത്തിന്റെ പരിജ്ഞാനം ഉള്ളവർക്കേ അതു ഗ്രഹിക്കാൻ പററൂ. തെററിദ്ധാരണയോ സംശയങ്ങളോ വെച്ചുകൊണ്ട് ആരെയും വിധിക്കാതെ ആത്മാർത്ഥമായ സമീപനത്തോടെ കാര്യങ്ങൾ നോക്കി കാണണം. എന്തിനെയും എതിർക്കുന്നവരും തീർപ്പ് കല്പിക്കാൻ വ്യഗ്രത കാണിക്കുന്നവർക്കും കർത്താവ് മുന്നറിയിപ്പ് നല്കുകയാണ്.

മത്തായി 7 ന്റെ ഒന്നാം വാക്യം ശരിയായി വ്യാഖ്യാനിക്കേണ്ടതു എങ്ങനെയെന്നാൽ, ദൈവ വചനത്തിൽ മററു ഭാഗങ്ങളിൽ ഈ വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുന്നതെല്ലാം നാം പരിഗണനക്കായി എടുക്കണം. മറേറതൊരു വിഷയത്തിലും ഈ സത്യം നാം സ്വീകരിക്കണം. എങ്കിലേ പൂർണ്ണമായ സത്യം നമുക്കു ലഭിക്കയുള്ളൂ. ഒന്നാമതു ബൈബിളിൽ വിവിധ തരത്തിലുള്ള വിധിയെക്കുറിച്ച് പറയുന്നുണ്ട്. പ്രായോഗിക തലത്തിലുള്ള സന്ദർഭം നോക്കിഅഭിപ്രായം സ്വീകരിക്കേണ്ടതു നമ്മളാണ്. അതേസമയം മററു വേദഭാഗത്തിൽ നമുക്കു പ്രതികൂലമാകാതിരിക്കയും വേണം. യേശുക്രിസ്തു നമ്മെ പഠിപ്പിക്കുന്ന സത്യത്തിന്റെ എല്ലാ വശങ്ങളും നാം കണക്കിലെടുക്കണം എന്നർത്ഥം. യേശുക്രിസ്തു ശബ്ബത്തിൽ ഒരു രോഗിയെ സൗഖ്യമാക്കിയപ്പോൾ യെഹൂദന്മാർ അവനെ വിധിക്കയുണ്ടായി. അവൻ അവരോട് മോശയുടെ ന്യായപ്രമാണത്തിന്നു നീക്കം വരാതിരിപ്പാൻ ശബ്ബത്തിലും മനുഷ്യൻ പരിച്ഛേദന ഏല്ക്കുന്നു എങ്കിൽ ഞാൻ ശബ്ബത്തിൽ ഒരു മനുഷ്യനെ മുഴുവനും സൗഖ്യമാക്കിയതിനാൽ എന്നോടു ഈർഷ്യപ്പെടുന്നുവോ? കാഴ്ച പ്രകാരം വിധിക്കരുതു. നീതിയുള്ള വിധി, വിധിപ്പിൻ (യോഹന്നാൻ 7:23-24). ഈ സന്ദർഭത്തിൽ വിധിക്കരുതു എന്നു കർത്താവ് പറയുന്നില്ല. പക്ഷെ അതു കാഴ്ച പ്രകാരം അരുത്; നീതി പൂർവ്വമായ ഒന്നായിരിക്കയും വേണം. മനുഷ്യ നീതിയല്ല ദൈവത്തിന്റെ നീതി എന്നും നാം അറിഞ്ഞിരിക്കണം. അപ്പോൾ വ്യത്യസ്ഥമായ രീതിയിലാണ് വിധിക്കേണ്ടത്. ചില കാര്യങ്ങളിൽ ചിലർ വിധിക്കയുമരുതു. ഉദ്ദേശശുദ്ധിയെ നാം മാനിക്കണം. കുററപ്പെടുത്താനായി വിധിക്കുന്നവരുണ്ട്. അതു ദൈവസന്നിധിയിൽ തെററായ ഒരു വിധിയായിരിക്കും. ന്യായമായ വിവേചനം ഈ കാര്യത്തിൽ ഉണ്ടാകണം. ദൈവത്തിന്റെ വചനത്തിൽ പക്വത കൈവന്നവർക്കേ അതിനു കഴിയൂ എന്നു പറയാം.

★

''എല്ലാ സന്ദർഭങ്ങളും സാഹചര്യങ്ങളും നിങ്ങൾക്ക് അറിഞ്ഞുകൂടാ'' എന്ന അവകാശം ന്യായമായി നാം പരിഗണിക്കേണ്ടതാണ്. ഒരു മനുഷ്യനു ഒരു കാര്യത്തെക്കുറിച്ച് എല്ലാ അറിവും ലഭിക്കണം എന്നതു പ്രയാസകരമാണ്. ദൈവം അതു ആഗ്രഹിക്കുന്നുമില്ല. മററാരാളുടെ പ്രവൃത്തിയെ വിലയിരുത്തുന്നതു കാഴ്ചയിൽ ആയിരിക്കരുതു എന്നു കർത്താവ് പറഞ്ഞതു ഓർമ്മയില്ലേ? ഹൃദയ വിചാരങ്ങൾ ഒരാൾക്ക് മറെറാരാളുടെ അറിയാൻ സാദ്ധ്യമല്ല. നല്ല ഉദ്ദേശത്തോടെ ഒരാൾ ഒരു പ്രവൃത്തി ചെയ്യുമ്പോൾ അതിനെ മറെറാരു കാഴ്ചപ്പാടിൽ കണ്ട് ദുരാരോപണം ഉന്നയിക്കുന്ന പ്രവണത തെററാണ്. പക്ഷേ സാഹചര്യത്തെ മുൻനിർത്തി പാപം ചെയ്യുന്ന അവസ്ഥയിലാണെങ്കിൽ അതു നീതീകരിക്കാവുന്നതല്ല. നമുക്കു ഗ്രഹിക്കാൻ പററാത്ത കാര്യമാണെങ്കിൽ അതു ദൈവത്തിൽ ഭരമേല്പിക്കുക. ഒരു വ്യക്തിക്കു പാപം ചെയ്യുവാൻ ഒരവസരം, സന്ദർഭോചിതമായി ലഭിക്കുന്നു എന്നു പറയാൻ പററില്ല. യാദൃശ്ചികമായി സംഭവിച്ചു എന്നു പറയാവുന്നതല്ല. കാരണം അതു ചെയ്യുവാൻ തീരുമാനിച്ചുറപ്പിച്ച വ്യക്തിയാണ് അതു തിരഞ്ഞെടുത്തതു. ദാവീദിനു ഊരിയാവിന്റെ ഭാര്യയെ കണ്ട സന്ദർഭം അവനെ പാപത്തിലേക്കു നയിച്ചു എന്നു പറയാം. പക്ഷേ വേറൊരു സന്ദർഭത്തിൽ പൊത്തിഫേറിന്റെ ഭവനത്തിൽവെച്ച് യൗസേഫിനുണ്ടായ ആ സന്ദർഭത്തിൽനിന്നും യൗസേഫ് ഓടി രക്ഷപ്പെട്ടു. ദൈവത്തെ അനുസരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ അതോ അനുസരിക്കാതിരിക്കുന്നതു തെരഞ്ഞെടുക്കുന്നുവോ ഇതാണ് ഇവിടെ പ്രശ്നം.

സ്വന്തം അനുമാനംമാത്രം ശരി എന്നും മററുള്ളവരുടെ അഭിപ്രായം ശരിയല്ലെന്നും ശഠിക്കുന്നതു അപകടമാണ്. നാം നമ്മെക്കാൾ മററുള്ളവരെ ശ്രേഷ്ഠർ എന്നു എണ്ണണം.

(ശേഷം അടുത്ത ലക്കത്തിൽ)

★

# ക്രൂശിൻെറ ഇടർച്ച

**വില്ലാർഡ് തർമാൻ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

പൌലൊസിൻെറ കാലയളവിൽ ധാരാളം യെഹൂദന്മാർ പരിച്ഛേദനയിൽ അഭിമാനം കൊണ്ടിരുന്നു. അപ്പൊസ്തലൻ പറയുന്നത്: "നാമല്ലൊ പരിച്ഛേദനക്കാർ: ദൈവത്തിൻെറ ആത്മാവു കൊണ്ട് ആരാധിക്കയും ക്രിസ്തുയേശുവിൽ പ്രശംസിക്കയും ജഡത്തിൽ ആശ്രയിക്കാതിരിക്കയും ചെയ്യുന്ന നാം തന്നെ" (ഫിലിപ്പിയർ 3:3). ഒരു ക്രൂശിൻെറ പടയാളിയുടെ ഇത്തരം വാക്കുകൾ യെഹൂദനും ഇടർച്ചയായിരുന്നു. പൌലൊസ് അതു എങ്ങനെയാണെന്ന് വിശദീകരിക്കുന്നുണ്ട്. "എല്ലാ വാഴ്ച്ചക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങൾക്ക് ക്രിസ്തുവിൻെറ പരിച്ഛേദനയാൽ ജഡ ശരീരം ഉരിഞ്ഞു കളഞ്ഞതിനാൽ തന്നേ കൈകൊണ്ടല്ലാത്ത പരിച്ഛേദനയും ലഭിച്ചു. സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിൻെറ വ്യാപാര ശക്തിയിലുള്ള വിശ്വാസത്താൽ അവനോടു കൂടെ നിങ്ങളും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. അതിക്രമങ്ങളിലും നിങ്ങളുടെ ജഡത്തിൻെറ അഗ്രചർമ്മത്തിലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ; അവനോടു കൂടെ ജീവിപ്പിച്ചു. അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ചു ചട്ടങ്ങളാൽ നമുക്കു വിരോധവും പ്രതികൂലവുമായിരുന്ന കയ്യെഴുത്തു മായിച്ച് ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു" (കൊലൊസ്യർ 2: 10-14). ഇതു യെഹൂദന്മാർക്ക് ഇടർച്ചയായി. വാസ്തവത്തിലുള്ള പരിച്ഛേദന, ശാരീരികമല്ല, ആത്മികമാണ് എന്നതു അവരെ കുഴക്കി. അതു

സാദ്ധ്യമാകുന്നതു ശരിയായ സ്നാനം ഏല്ക്കുന്നതു നിമിത്തമാണ്.

## ലാളിത്യം ജ്ഞാനത്തെ പ്രിയപ്പെടുന്നവർക്ക് ഇടർച്ചയായി

ലളിതമായ സുവിശേഷം പ്രസംഗിച്ചപ്പോൾ ജ്ഞാനികൾക്കു അതിൽ ഒന്നുമില്ലാത്തതു പോലെ തോന്നി. ഉയർന്ന വിദ്യാഭ്യാസം ലഭിച്ച പൌലൊസ്, കർത്താവിൻെറ നല്കപ്പെട്ട ശുശ്രൂഷ നിറവേററിയപ്പോൾ അത് എങ്ങനെചെയ്തു എന്നു പറയുന്നു. ''ക്രൂശിൻെറ വചനം നശിച്ചു പോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ, ബുദ്ധി ദുർബ്ബലമാക്കുകയും ചെയ്യും'', എന്നു എഴുതിയിരിക്കുന്നുവല്ലോ. (1 കൊരിന്ത്യർ 1:18-19) പൌലോസിനു തൻെറ പാണ്ഡിത്യവും പ്രാഗത്ഭ്യവും, പശ്ചാത്തലവും എടുത്തുകാണിച്ചു പ്രസംഗിക്കാമായിരുന്നു. പക്ഷെ അവൻ ചെയ്യുന്നത് മറിച്ചാണ്. ''ഞാനും സഹോദരൻമാരേ, നിങ്ങളുടെ അടുക്കൽ വന്നപ്പോൾ വചനത്തിൻെറയോ ജ്ഞാനത്തിൻെറയോ വൈഭവം കൂടാതെയത്രേ ദൈവത്തിൻെറ സാക്ഷ്യം നിങ്ങളോടു പ്രസ്താവിപ്പാൻ വന്നതു. ക്രൂശിക്കപ്പെട്ടവനായ ക്രിസ്തുവിനെ അല്ലാതെ മറെറാന്നും അറിയാത്തവനായി നിങ്ങളുടെഇടയിൽ ഇരിക്കണം എന്നു ഞാൻ നിർണ്ണയിച്ചു'' (1 കൊരിന്ത്യർ 3:19). സർപ്പം ഉപായത്താൽ ചതിച്ചതു പോലെ നിങ്ങളുടെ മനസ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു വഷളായി പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു. (2 കൊരിന്ത്യർ 11:3)

## അതിൻെറ നിർമ്മലതക്കു ലോക സ്നേഹിതർ ഇടർച്ചയാകുന്നു

മനുഷ്യൻെറ കണ്ണുകളെ ആകർഷിക്കത്തക്ക വശ്യത ലോകത്തിൽ എല്ലായ്പ്പോഴും ഉണ്ട്. ക്രൂശ്, ഒരു വ്യക്തി

യോടു ആവശ്യപ്പെടാറുള്ളതു പഴയപാപങ്ങളെ ഉപേക്ഷിച്ച് പുതു മനുഷ്യനായി തീരുക എന്നാണ്. ഇതു ചിലർക്കു ഇടർച്ചയായി തീരുന്നു (റോമർ 6:3-4). ഒരേ സമയത്തു ക്രിസ്തുവിനെ അനുഗമിക്കുകയും ലോകത്തെ സ്നേഹിക്കുകയും ചെയ്യുവാൻ ഒരാൾക്കു സാദ്ധ്യമല്ല. പൌലോസ് രേഖപ്പെടുത്തിയിരിക്കുന്നത്, "ഞാൻ പലപ്പോഴും നിങ്ങളോടു പറഞ്ഞതുപോലെ അനേകർ ക്രൂശിന്നു ശത്രുക്കളായി നടക്കുന്നു എന്നു ഇപ്പോൾ കരഞ്ഞും കൊണ്ടു പറയുന്നു. അവരുടെ അവസാനം നാശം; അവരുടെ ദൈവം വയറു; ലജ്ജയായതിൽ അവർക്കു മാനം തോന്നുന്നു. അവർ ഭൂമിയിലുള്ളതു ചിന്തിക്കും (ഫിലിപ്പിയർ 3:18-19).

പുതിയ ബന്ധത്തെക്കുറിച്ചു പൌലോസ് വ്യക്തമാക്കുന്നു. "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേററിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിൻെറ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഒരുവൻ ലോകത്തെ സ്നേഹിച്ചാൽ പിതാവിൻെറ സ്നേഹം അവനിൽ ഇല്ല. ദൈവം വെറുക്കുന്ന ഒന്നാകുന്നു ലോകസ്നേഹം.

★

# ദൈവത്തിൻെറ വിശുദ്ധ സ്ഥലത്ത് നിറഞ്ഞ അനുഗ്രഹങ്ങൾ

**ജോണി രാംസെ**

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

ആരും കാണാതിരിക്കുമ്പോൾപോലും നമ്മുടെ ദൈവത്തോടുള്ള ആദരവ് പുറപ്പെടുവിക്കുന്നതു എന്ത് എന്നു

ചിന്തിക്കുക. നമ്മുടെ വ്യക്തിപരമായ ദൈവഭക്തി, നല്ല ശമര്യക്കാരന്റെ കഥയിൽ പറഞ്ഞിരിക്കുന്ന പുരോഹിതനെപോലെയും ആണെങ്കിൽ നാം ദൈവമുമ്പാകെ ലജ്ജിക്കപ്പെടേണ്ടിവരും. അവൻ മുറിവേററയാളെ കണ്ടിട്ടു കടന്നു പോയതു ആരും കാണുന്നില്ലല്ലോ എന്നോർത്താകും. അവരുടെ പ്രവൃത്തിയിൽ സഹതാപമോ മററുള്ളവരുടെ പ്രശംസയോ കിട്ടുകയില്ല എന്നതാകാം. സഹോദരൻമാരേ, നമ്മുടെ ജീവിതം എങ്ങനെയാണ്. നാം ചെയ്യുന്ന പ്രവൃത്തികൾ നാലുപേർ കാണണം, അറിയണം എന്ന് ആഗ്രഹിക്കയാണോ നാം ? യേശുക്രിസ്തു പറഞ്ഞു "നിങ്ങളുടെ വലങ്കൈ ചെയ്യുന്നതു ഇടങ്കൈ അറിയരുത്. പ്രതിഫലേഛ കൂടാതെ വേണം നാം സൽപ്രവൃത്തികൾ ചെയ്യുവാൻ. ഗദ്സമനാ തോട്ടത്തിൽ യേശു തന്നെത്തന്നെ താഴ്ത്തി സർവ്വശക്തനായ ദൈവ സന്നിധിയിൽ അവൻ പ്രാർത്ഥിക്കുന്നു. "പിതാവേ എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നടക്കട്ടെ". മരണശേഷം കർത്താവ് ഉയിർത്തെഴുന്നേററ് പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ ശക്തനായി. ദൈവമന്ദിരത്തിൽ അവന്റെ വിശുദ്ധി അനുസരിച്ച് നമുക്കും ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കാം.

ഈ ഭൂമിയിലെ വാസശേഷം ഒരിക്കൽ നാം ദൈവത്തിന്റെ യഥാർത്ഥ സന്നിധിയിൽ നില്ക്കും. സർവ്വശക്തന്റെ മഹിമയും തേജസും ശക്തിയും ഒരിക്കൽ വെളിപ്പെടുന്നതു യാഥാർത്ഥ്യമാവും. ദൈവിക സ്നേഹത്തിന്റെ തണലിൽ ദൈവഹിതം അനുസരിക്കുവാൻ നാം നമ്മെത്തന്നെ ദൈവത്തിനു വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അവൻ വാഗ്ദാനം ചെയ്ത എല്ലാ അനുഗ്രഹങ്ങളും നമുക്കു കിട്ടും, ഈ ലോകജീവിതത്തിലും ദൈവത്തിന്റെ സമൃദ്ധമായ അനുഗ്രഹത്തിനായി നിങ്ങളുടെ ജീവിതത്തെ രൂപാന്തരം ചെയ്യു. അപ്പോൾ ദൈവം, സ്വർഗ്ഗീയ ഭണ്ഡാരത്തിൽനിന്നും അനുഗ്രഹങ്ങൾ വർഷിപ്പിക്കും.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth— Speaker : Robert

Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

* You are Cordially Invited *
To Attend
Services and Bible studies.

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**

Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From

**THE BIBLE TRUTH**

Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To